മഞ്ചേരി മുനിസിപ്പാലിറ്റിയിൽ ശുദ്ധജല വിതരണം നടത്താൻ എൽ. ഐ.സി.യുടെ സഹായത്തോടുകൂടി 1982-ൽ ആരംഭിച്ച മഞ്ചേരി ശുദ്ധജലവിതരണ പദ്ധതിയുടെ എല്ലാ ജോലികളും പൂർത്തിയായിട്ടുണ്ട്. ചാലിയാർ പുഴയിൽ അഴിക്കോടുനിന്നും പമ്പ് ചെയ്ത് ശുദ്ധീകരണശാലയിൽ എത്തുന്ന ജലം 13.6 കിലോമീറ്റർ ദൂരം പ്രിമോ പൈപ്പ് ലൈനിൽക്കൂടിയാണ് മഞ്ചേരിയിലുള്ള സമ്പിൽ എത്തുന്നത്. അവിടെനിന്ന് ഇരുപത്തിയഞ്ച് ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്കുവഴിയാണ് മുനിസിപ്പാലിറ്റിയിൽ ജലം വിതരണം നടത്തുന്നത്. പ്രിമോ പൈപ്പിന്റെ ജോയിന്റുകളിൽ ലീക്കുള്ളതുകാരണം വേണ്ടത്ര വെള്ളം ചിരണിയിൽ എത്തുന്നില്ല. ഇതിലെ ആയിരത്തോളം ജോയിന്റുകൾ നന്നാക്കിയതിനാൽ 5 എം.എൽ.ഡി. വെള്ളം മഞ്ചേരിയിൽ വിതരണം ചെയ്യാൻ കഴിയുന്നുണ്ട്. എൻ.എസ്.എസ്. കോളേജിന്റെ അടുത്തുള്ള രണ്ട് ടാങ്കുകൾ ജലവിതരണത്തിന് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ ആകെയുള്ള 101 കിലോമീറ്ററിൽ 76 കിലോമീറ്റർ വിതരണ ശൃംഖലവഴിയും നിലവിലുള്ള മഞ്ചേരി ഗ്രാമീണ പദ്ധതിയുടെ വിതരണ ശൃംഖല വഴിയും ദിവസവും ജല വിതരണം നടത്തുന്നുണ്ട്. പാണ്ടിക്കാട് റോഡിലുള്ള 26 കിലോമീറ്റർ വിതരണ ശൃംഖലയിലൂടെ മാത്രമാണ് ഇന് ജലവിതരണം നടത്താനുള്ളത്. ഈ ജോലികളെല്ലാം പൂർത്തിയാക്കി 2000 മേയ് മാസത്തിൽ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(16) കിളിമാനൂർ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ ശോച്യാവസ്ഥ

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : സർ, കിളിമാനൂർ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ ശോച്യാവസ്ഥ ബഹുമാനപ്പെട്ട മന്ത്രിയുടേയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇപ്പോൾ 71 ഷെഡ്യൂളുകളാണ് അവിടെയുള്ളത്. പ്രതിദിനം 9 ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യാറുണ്ട്. ആവശ്യത്തിന് ബസ്സുകളില്ലാത്തതും കൂടുതലായി 20 കണ്ടക്ടർമാർ ഇന്ന് ഇവിടെ ആവശ്യമുണ്ട് എന്നുള്ളതുകൊണ്ടുമാണ് അവിടെ ക്യാൻസലേഷൻ നടക്കുന്നത്; അല്ലാതെ സർവ്വീസുകൾ നഷ്ടത്തിലോടുന്നു എന്നുള്ളതുകൊണ്ടല്ല. അവിടെ ആവശ്യത്തിന് ടയറുകളില്ല. ടയറുകൾ ഉടൻ ലഭ്യമാക്കണം. ഒന്ന് രണ്ട് ബസ്സുകൾ അവിടെ അനുവദിച്ചുവെങ്കിലും അവ പഴയതാണ്. പുതിയ ഒരൊറ്റ ബസ് പോലും അവിടെ തന്നിട്ടില്ല. യാർഡ് മെറ്റലിളകി താറുമാറായി കിടക്കുന്നതുകാരണം ബസ്സുകൾ കയറിയിറങ്ങുമ്പോൾ ചല്ലി യാത്രക്കാരുടെ ദേഹത്ത് അടിച്ച് തെറിച്ച് പരിക്കുകളേൽക്കാറുണ്ട്. അതുകൊണ്ട് യാർഡ് ടാർ ചെയ്യണം. അവിടെ ഒരു വേപ്പർ ലാമ്പ് നൽകാനുള്ള നടപടി സ്വീകരിക്കണം. ചുറ്റുമതിലിന്റെ കുറച്ചുഭാഗം ഇടിഞ്ഞുപോയതുകൊണ്ട് സാമൂഹ്യവിരുദ്ധർക്ക് അവിടെ കയറി അഴിഞ്ഞാടാനും ബസ്സുകളിൽനിന്നും ഡീസൽ ഊറ്റിക്കൊണ്ടുപോകാനും സാദ്ധ്യതയുണ്ടാകുന്നു. അതുകൊണ്ട് അതിന് പരിഹാരമുണ്ടാക്കണം. രണ്ടു ചെറിയ ഷെഡ്ഡുകൾ അവിടെയുള്ളത് ഉപയോഗശൂന്യമാണ്. അവ എത്രയും പെട്ടെന്ന് പൊളിച്ചുമാറ്റി വരുന്ന ബസ്സുകൾക്ക് യാർഡിന്റെ അകത്തേയ്ക്ക് പ്രവേശിക്കാനും പുറത്തേയ്ക്ക് പോകാനുമുള്ള വഴി ഒരുക്കിക്കൊടുക്കണം. അവിടെ ഓഫീസ് സൗകര്യങ്ങൾ വളരെ പരിമിതമായതുകൊണ്ട് ഒരു ഓഫീസ് കെട്ടിടം നിർമ്മിക്കുന്നുണ്ട്. അതും തീരെ അപര്യാപ്തമാണ്. കൂടുതൽ മുറികൾ പണിയാൻവേണ്ടി ടെണ്ടർ ചെയ്തിട്ടുണ്ട്. അതിന്റേയും പ്രവർത്തനം പെട്ടെന്ന് ആരംഭിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വനവും ഗതാഗതവും വകുപ്പുമന്ത്രി <u>(ശ്രീ. സി.കെ. നാണു)</u> : സർ, 1981 ഫെബ്രുവരി മാസം 11-ാം തീയതി ഒരു ഓപ്പറേറ്റിംഗ് സെന്ററായി പ്രവർത്തനമാരംഭിച്ച കിളിമാനൂരിലെ യൂണിറ്റ് 1987 ഏപ്രിൽ 27-ന് ഒരു സബ് ഡിപ്പോ

LIBRARY ARCHIVES Kerala Legislative Assembly

യായി മാറ്റി. ഇപ്പോൾ 13 ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളും 61 ഓർഡിനറി സർവ്വീസുകളും ഉൾപ്പെടെ 74 ഷെഡ്യൂളുകൾക്ക് 69 ബസ്സുകൾ അവിടെ ഉണ്ട്. ഒരു ഫാസ്റ്റ് പാസഞ്ചർ ബസ്സ് ഉൾപ്പെടെ 12 ബസുകളുടെ കുറവ് ഈ ഡിപ്പോയ്ക്കാണ്. പുതിയ ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഈ ഡിപ്പോയിലെ ബസ്സുകളുടെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികളെടുക്കുന്നതാണ്. നിലവിലുള്ള വർക്ക്ഷോപ്പ് ബിൽഡിംഗിന്റെ മുകളിലായി 5.75 ലക്ഷം രൂപ മുതൽ മുടക്കി പണി ചെയ്തുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ ജോലികൾ പൂർത്തിയായാൽ ഉടൻ ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ഓഫീസ് അവിടേയ്ക്ക് മാറ്റുന്നതാണ്. പ്രസ്തുത കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ പണികൾക്കായി 36,000 രൂപ അടങ്കൽ തുക കണക്കാക്കി ടെണ്ടർ വിളിച്ചിട്ടുണ്ട്. സബ് സ്റ്റേഷൻ യാർഡ് ടാർ ചെയ്യുന്നതിനും ഡീസൽ പമ്പിന് ചുറ്റുമുള്ള ബസ് പാർക്കിംഗ് യാർഡ് മെറ്റൽ ചെയ്യുന്നതിനുമായി 2.75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 3.2.2010-ൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ബസ് സ്റ്റേഷൻ യാർഡിൽ ആവശ്യത്തിനുള്ള ലൈറ്റുകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി 24,700 രൂപ ചെലവ് വരുന്ന ഒരു കരാർ നൽകിക്കഴിഞ്ഞു. ഇതിന്റെ പണികൾ ഉടനേ തുടങ്ങുന്നതാണ്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേക്ക് ആയിരം ലിറ്റർ ശേഷിയുള്ള ഒരു ടാങ്ക് വാങ്ങി; ഇൻസ്റ്റലേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. ബസ് സ്റ്റേഷനുചുറ്റും മതിലില്ലാത്ത സാഹചര്യത്തിൽ കമ്പിവേലി കെട്ടി അത് സംരക്ഷിക്കാനുള്ള നടപടികൾ എടുത്തുവരികയാണ്.

(17) പൂഞ്ഞാർ മണ്ഡലത്തിൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന വികസന പ്രവർത്തനങ്ങൾ

<u>ശ്രീ. പി.സി. ജോർജ്ജ്</u> : സർ, കോട്ടയം ജില്ലയിലെ കിഴക്കൻ മേഖലയായ പൂഞ്ഞാർ മണ്ഡലത്തിൽ ഇലവിഴപൂഞ്ചിറ, മാർമല, അയ്യമ്പാറ, വാഗമൺ, വഴികടവ്, കുരിശുമല പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ടൂറിസം പദ്ധതിയുടെ നടത്തിപ്പിനെപ്പറ്റി സംസ്ഥാന സർക്കാർ ചില നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതു സംബന്ധിച്ച് ഞാൻ പലപ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അടുത്തകാലത്ത് ഒരു എം.പി. കോട്ടയത്ത് നടത്തിയ പത്ര സമ്മേളനത്തിൽ കേരളത്തിലെ ടൂറിസം വികസനത്തിന് അസാധാരണ താല്പര്യം എടുത്ത് കേന്ദ്ര ഗവൺമെന്റുതന്നെ ചില നിർദ്ദേശങ്ങൾ വച്ചിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു. സാധാരണഗതിയിൽ കേരള സർക്കാർ താല്പര്യമെടുത്ത് പദ്ധതികൾ തയ്യാറാക്കി കേന്ദ്രത്തിൽ സമർപ്പിച്ച് നിരന്തര സമ്മർദ്ദം ചെലുത്തുക എന്നതാണ് നടപടി. ഇവിടെ കേരളം പദ്ധതി സമർപ്പിക്കാതെതന്നെ കേന്ദ്രം നേരിട്ട് ഇടപെട്ടിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെതന്നെ ഒരു നോട്ടുണ്ട്. "മീനച്ചൽ താലൂക്കിലെ കിഴക്കൻ പ്രദേശങ്ങളായ മേലുകാവ്, മിക്കോയി, തലനാട് പഞ്ചായത്തുകളിലെ ശാന്തസുന്ദരമായ പ്രകൃതിഭംഗി ഉറങ്ങിക്കിടന്നിരുന്നത് തൊട്ടുണർത്തി എം.പി. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായ്." എന്നാണ് പറഞ്ഞിരിക്കുന്നത്. അദ്ദേഹം പത്രക്കാർക്ക് കൊടുത്ത നോട്ടാണ് ഞാൻ വായിച്ചത്. സംസ്ഥാന ഗവൺമെന്റ് കുറെയേറെ കാര്യങ്ങൾ ചെയ്യാൻവേണ്ടി നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഇങ്ങനെയൊക്കെ പറഞ്ഞിരിക്കുന്നത്. അതിന് തെളിവായി കേന്ദ്രമന്ത്രിയുടെ ഒരു കത്തും അദ്ദേഹം ഹാജരാക്കിയിട്ടുണ്ട്. ഞാൻ അന്വേഷിച്ചപ്പോൾ കേന്ദ്ര ഗവൺമെന്റ് ഇതു സംബന്ധിച്ച് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല; ഒരു പൈസപോലും ഈ പദ്ധതിക്കുവേണ്ടി മാറ്റിവച്ചിട്ടില്ല എന്നാണ് അറിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly